**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1030      05.03.2020 -ൽ മറുപടിക്ക്**

**തൃക്കരിപ്പൂർ മണ്ഡലത്തിലെ തീരദേശ റോഡ് നിർമ്മാണം**

| **ചോദ്യം** | | **മറുപടി** |
|---|---|---|
| **ശ്രീ.എം.രാജഗോപാലൻ** | : | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | തീരദേശ ഹൈവേയുടെ അലൈൻമെന്റ് നിശ്ചയിക്കുന്നതുൾപ്പെടെയുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | തീരദേശ ഹൈവേയുടെ അലൈൻമെന്റ് ഫൈനലൈസ് ചെയ്യുന്ന പ്രവൃത്തി വിവിധ ഘട്ടങ്ങളിലായി നടന്നു വരികയാണ്. വിവിധ റീച്ചുകളായി തിരിച്ച് ഡിപിആർ തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്ന നടപടിയാണ് നടന്നുവരുന്നത്. ഇതുവരെ 5 റീച്ചുകളുടെ ഡിപിആർ പൂർത്തീകരിച്ച് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. 7 റീച്ചുകളുടെ ഡിപിആർ തയ്യാറാക്കി വരുന്നു. ബാക്കിയുള്ള റീച്ചുകളുടെ ഡിപിആർ കിഫ്ബി ഡ്രോൺ സർവ്വേ നടത്തി അന്തിമ അലൈൻമെന്റ് തയ്യാറാക്കിയതിനു ശേഷം സമർപ്പിക്കുന്നതാണ്. |
| (ബി) | തൃക്കരിപ്പൂർ മണ്ഡലത്തിലെ വലിയ പറമ്പ് പാണ്ട്യാലക്കടവ് പാലം മുതൽ നീലേശ്വരം അഴിത്തല വരെയുള്ള തീരദേശ റോഡ് നിർമ്മാണ പ്രവൃത്തി എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) | തൃക്കരിപ്പൂർ മണ്ഡലത്തിൽ രണ്ട്തെങ്ങ് - വലിയപറമ്പ പാലത്തിന്റെയും റോഡിന്റെയും ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്. ഇൻവെസ്റ്റിഗേഷന് ശേഷം പാലത്തിന്റെ ഡിസൈൻ തയ്യാറാക്കി പ്രവൃത്തി ടെൻഡർ ചെയ്ത് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതാണ്. |

Hemalatha

**സെക്ഷൻ ഓഫീസർ**